# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6344** **31.10.2011-ൽ മറുപടി നൽകേണ്ടിയിരുന്നത്**

## താൽക്കാലിക വാച്ച്മാൻമാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പിന് കീഴിൽ എത്ര താൽക്കാലിക വാച്ച്മാൻമാർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) വനം വകുപ്പിൽ അനുവദനീയമായ വാച്ച്മാൻ/ വാച്ചർ തസ്തികയിൽ താൽക്കാലികമായി ആരെയും ജോലിക്ക് നിയോഗിക്കാറില്ല. വന സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ചെയ്യേണ്ട ജോലികൾക്ക് ആവശ്യാനുസരണം ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക വാച്ചർമാർ, മസ്ദൂർമാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. ജോലിയുടെ സ്വഭാവവും, അപ്പോഴത്തെ ആവശ്യവും കണക്കാക്കി അടങ്കൽ തയ്യാറാക്കിയാണ് ഇവരെ ജോലിക്ക് നിയോഗിക്കുന്നത്. ആയതിനാൽ വാച്ചർമാരുടെ എണ്ണം ദിനംപ്രതി വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. |
| (ബി) ഇവർക്ക് തുടർച്ചയായി ശമ്പളക്കുടിശ്ശിക വരുത്തുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(സി) എങ്കിൽ ഓരോ ഡിവിഷനിലും ശമ്പളക്കുടിശ്ശികയിനത്തിൽ എന്തു തുക നൽകുവാനുണ്ടെന്ന വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) & (സി) ഓരോ ജോലിക്കും അനുവദിച്ചിട്ടുള്ള ഫണ്ട് അതാത് ബഡ്ജറ്റ് ശീർഷകത്തിൽ ലെറ്റർ ഓഫ് ക്രെഡിറ്റായി യഥാസമയം ലഭിക്കാത്തതുമൂലം ഇവർക്ക് ചിലപ്പോൾ വേതനം നൽകുന്നതിൽ കാലതാമസമുണ്ടാകാറുണ്ടെങ്കിലും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക വേതനം നൽകി വരുന്നു. 2011-2012 വർഷത്തിലെ കുടിശ്ശിക വേതനം ഇതിനോടകം തന്നെ നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) കുടിശ്ശിക വരുത്താതെ മാസം തോറും ശമ്പളം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ? | (ഡി) പദ്ധതിവിഹിതത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് നടപടികൾ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**